10150/18
26/10/18

## ബഹുമാനപ്പെട്ട മേഖല ഓഫീസർ, തിരുവനന്തപുരം നഗരസഭ, നെട്ടയം അവർകൾ മുമ്പാകെ

നെട്ടയം സി.പി.റ്റിയ്ക്ക് സമീപം പേഴുവിളയിൽ അജിൻ ഭവനിൽ താമസിക്കുന്ന എ. ജോയി സമർപ്പിക്കുന്ന അപേക്ഷ.

08-09-2018 ഞായറാഴ്ച എന്റെ വീടിനോട് ചേർന്നു താമസിക്കുന്ന എന്റെ സഹോദരി ലീനയുടെ ഭർത്താവ് ശ്രീ. മനു, മകൻ ബിനു എന്നിവർ ചേർന്ന് നിലവിലെ കോർപ്പറേഷൻ ചട്ടങ്ങൾ പരിപൂർണ്ണമായും ലംഘിച്ചുകൊണ്ട് എന്റെ വീടിനോട് ചേർത്ത് മതിൽ കെട്ടിയിട്ടുള്ളതും, ഇത് എന്റെ വീടിന്റെ ചുമരുകളിൽനിന്നുള്ള നിശ്ചിത അകലം ഇല്ലാത്തതിനാൽ വീടിന്റെ വശങ്ങളിൽ പ്രവേശിക്കാൻ സാദ്ധ്യമല്ലാത്തതും, വീടിനുള്ളിൽ ആവശ്യമായ വായുവും വെളിച്ചവും കടക്കാൻ കഴിയാത്തതരത്തിൽ കെട്ടി ഉയർത്തിയിട്ടുള്ളതും, മഴക്കാലത്ത് ഈ മതിലിൽ മഴവെള്ളം തട്ടി തെറിച്ച് വീടിനുള്ളിലേയ്ക്കും വീടിന്റെ ചുമരുകൾക്ക് കേടുപാടുകൾ സംഭവിക്കുന്ന തരത്തിലുമാണ് മതിലിന്റെ നിർമ്മാണം നടത്തിയിരിക്കുന്നത്.

ഇത് സംബന്ധിച്ച് താഴെപറയുന്ന ചോദ്യങ്ങൾക്ക് വിവരാവകാശ നിയമപ്രകാരം മറുപടി നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. എന്റെ വീടിന്റെ സമീപത്ത് ഇത്തരത്തിൽ ഒരു ചുറ്റുമതിൽ കെട്ടുവാൻ നിയമപരമായ അനുമതി ഈ ഒഫീസിൽ നിന്നും നൽകിയിട്ടുണ്ടോ ?

2. അനുമതി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ ഒരു പകർപ്പ് മറുപടി കത്തിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. അനധികൃതമായി നിർമ്മിച്ച ഈ ചുറ്റുമതിൽ പൊളിച്ചു മാറ്റുന്നതിലേയ്ക്കും അന്വേഷണത്തിനുമായി

18-09-2018-ൽ ഞാൻ ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. ഇതിന്മേൽ ഈ ഓഫീസിൽ സ്വീകരിച്ച നടപടികൾ എന്തല്ലാമെന്ന് രേഖാമൂലം നൽകേണ്ടതാണ്.

E3.

എന്ന്

എ. ജോയി

തിരുവനന്തപുരം
17/10/2018

ഫോൺ:9567494298

**പകർപ്പ് :**